മി. സ്പീക്കർ: 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സാക്കിയിരിക്കുന്നു.

(2) 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. ഇവിടെ നമുക്ക് എല്ലാവർക്കും അറിയാവുന്നതുപോലെ ഗവൺമെന്റിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ഏതെങ്കിലും ഒരു പൈസ ചെലവ് ചെയ്യണമെങ്കിൽ നിയമനിർമ്മാണസഭയുടെ അംഗീകാരം വേണം. അതിനാണ് നമ്മൾ ഡിമാന്റ് ഓരോ വർഷവും അവതരിപ്പിച്ച് പാസ്സാക്കുന്നത്. പക്ഷേ നിയമസഭയിലെ ബഡ്ജറ്റ് രീതിയിൽ, നിയമസഭയെ അംഗീകരിക്കാത്ത സാഹചര്യത്തിൽ, നിയമസഭയിൽ ബഡ്ജറ്റിനകത്ത് വകയിരുത്തിയിട്ടില്ല, പുതിയ സാഹചര്യങ്ങളുണ്ടാകും. ന്യൂ സർവീസ് വേണ്ടി വരും. സുനാമിപോലെ നമ്മൾ അക്സപ്റ്റ് ചെയ്യാത്ത ഒരു പ്രതിഭാസം ഉണ്ടായി എന്നു വരാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നിയമസഭയുടെ വോട്ട് ചോദിച്ച് നമുക്ക് കൊണ്ടുവരാൻ കഴിയുകയില്ല. അങ്ങനെയുള്ള സാഹചര്യങ്ങളിൽ ഗവൺമെന്റിന് രൂപ ചെലവ് ചെയ്യുന്നതിനുവേണ്ടിയാണ് കണ്ടിജൻസി ഫണ്ട് സ്ഥാപിച്ചിട്ടുള്ളത്. 1957-ൽ നിയമനിർമ്മാണത്തിലൂടെയാണ് കണ്ടിജൻസി ഫണ്ട് സ്ഥാപിച്ചിട്ടുള്ളത്. അതിന്റെ കോർപ്പസ് ഇതിനുമുമ്പ് 25 കോടി രൂപയാണ്. അത് കഴിഞ്ഞ പ്രാവശ്യം ആണെന്നുണ്ടെങ്കിൽ 25 കോടി രൂപയെന്നുള്ളത് 4 കോടി രൂപയായി താണു. കണ്ടിജൻസി ഫണ്ടിൽ രൂപയൊന്നും ഇല്ലാതെ വരിക എന്നു പറഞ്ഞാൽ ചിലപ്പോൾ ഭരണ സ്തംഭനം തന്നെ ഉണ്ടാകാം. അപ്പോൾ 25 കോടി രൂപ എന്നുള്ളത് 100 കോടി രൂപയായിട്ടെങ്കിലും വർദ്ധിപ്പിച്ചെങ്കിൽ മാത്രമെ നമുക്ക് അപ്രതീക്ഷിതമായി ഏതെങ്കിലും ഒരു പുതിയ ചെലവ് വന്നാൽ അതിനെ നേരിടാനായിട്ട് കഴിയുയെന്നുള്ളതുകൊണ്ടാണ് 100 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണത്തിന് ബില്ല് കൊണ്ടുവന്നത്. പക്ഷേ നമുക്കറിയാം, കഴിഞ്ഞ ഡിസംബർ മാസത്തിൽ സഭ ചേർന്ന ഉടൻതന്നെ നിയമസഭ പ്രൊറോഗ് ചെയ്തു പോയി. അതുകൊണ്ട് അത് അന്ന് പാസ്സാക്കാനായിട്ട് കഴിഞ്ഞില്ല. വീണ്ടും ആ ഓർഡിനൻസ് ലാപ്സായി. ആ സാഹചര്യത്തിൽ പുതിയ നിയമസഭ കൂടിയപ്പോൾ വീണ്ടും ഇത് നിയമനിർമ്മാണത്തിനുവേണ്ടി വന്നിരിക്കുകയാണ്. 25 കോടി രൂപയെന്നുള്ളത് 100 കോടി രൂപയായി വർദ്ധിപ്പിക്കണമെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പെട്ടെന്ന് നമുക്ക് ഒരു ആവശ്യം വരുന്ന ഘട്ടത്തിൽ, അടിയന്തിര ഘട്ടത്തിൽ സുനാമി ഒരു ഉദാഹരണമായി പറയാം. അത് നമ്മൾ ബഡ്ജറ്റിലൂടെ കൊടുക്കേണ്ടതുക, ചില ഡിപ്പാർട്ടുമെന്റുകൾക്ക് ചില മേഖലകൾക്ക് ബഡ്ജറ്റിലൂടെ വർഷംതോറും കൊടുക്കുകയും ബഡ്ജറ്റ് പാസാക്കി കഴിഞ്ഞാൽ അത് ചെലവഴിക്കുന്ന രീതി അതിൽനിന്ന് മാറിയതുകൊണ്ടല്ലേ പലപ്പോഴും അപകടസന്ധിയുണ്ടാകുന്നത്. പ്രത്യേകിച്ച് കശുവണ്ടി ഫാക്ടറി തുറക്കുന്നതുമായി ബന്ധപ്പെട്ടാണ് 20 കോടി രൂപ. ഇതിനുവേണ്ടി പെട്ടെന്ന് വർദ്ധിപ്പിക്കേണ്ടിവന്നതിന്റെ കാര്യം കഴിഞ്ഞ ദിവസം ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ പറഞ്ഞല്ലോ. കശുവണ്ടിക്ക് നമ്മൾ എല്ലാവർഷവും ബഡ്ജറ്റിൽ സംഖ്യ നീക്കിവയ്ക്കണ്ടേ? ഈ വർഷവും നീക്കിവച്ചിട്ടില്ല. അതിന് ഒരു വിശദീകരണം കിട്ടിയാൽ കൊള്ളാമായിരുന്നു.

ശ്രീ. കെ. എം. മാണി : സർ, അങ്ങനെ പറഞ്ഞാൽ ഒക്കുകയില്ല. ഇപ്പോൾ സുനാമി വന്നു. സുനാമി വന്നത് നമുക്ക് ആർക്കെങ്കിലും എക്സ്പെക്ട് ചെയ്യാനൊക്കുമോ? സുനാമിയെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റിൽനിന്ന് കുറെ രൂപ കിട്ടി. അത് സി.ആർ.എഫ്. ലേക്ക് കിട്ടി. പക്ഷേ ഈ സാഹചര്യത്തിൽ ഗവൺമെന്റിന് രൂപയെടുത്ത് ചെലവ് ചെയ്യണം. അപ്പോൾ ഇങ്ങനെയുള്ള സാഹചര്യത്തിൽ ഒരു ചുഴലിക്കാറ്റ് വരിക, ഉരുൾപൊട്ടൽ വരിക, വരൾച്ച വരിക. വയനാട്ടിൽ ഉണ്ടായ വരൾച്ച അതിഭീകരമായിരുന്നു. ചിലപ്പോൾ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന തുക തികഞ്ഞു എന്നു വരുകയില്ല. ചിലപ്പോൾ ചീഫ് മിനിസ്റ്റേഴ്സ് ഫണ്ടിൽ കാണുകയില്ല. സി.ആർ.എഫ്. ഫണ്ടിൽ കാണുകയില്ല. ബഡ്ജറ്റ് ഹെഡിൽ കാണുകയില്ല. ഇപ്പോൾ മണിവാല്യൂ കുറഞ്ഞു. പണ്ടത്തെ 25 കോടി എന്നുള്ളത് കുറഞ്ഞു പോയി. അതുകൊണ്ട് 25 കോടി എന്നു പറയുന്ന കോർപ്പസ് വളരെ കുറവാണ്, അതുകൊണ്ടാണ് 100 കോടി രൂപയാക്കണമെന്ന നിർദ്ദേശം വന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 1957-ലെ നോക്കുമ്പോൾ മണിവാല്യൂ കുറഞ്ഞു എന്നുള്ളത് ശരിയാണ്. അങ്ങനെ വരുമ്പോൾ ഓർഡിനൻസ് കൊണ്ട് വരാൻ പറ്റിയ പ്രത്യേക സാഹചര്യം എന്താണ് ?

ശ്രീ. കെ. എം. മാണി : സർ, അതാണ് ഞാൻ പറഞ്ഞത്. 8-10-2004-ലെ കണക്ക് നോക്കുമ്പോൾ 4.25 ആണ്. അങ്ങനെ 4.25 ആയിട്ട് താണു. പിന്നീട് വേണമെന്നുണ്ടെങ്കിൽ നിയമനിർമ്മാണസഭ കൂടുമ്പോഴേ നിയമം കൊണ്ടുവരാൻ ഒക്കുകയുള്ളു. അപ്പോൾ ഓർഡിനൻസ് കൊണ്ടുവന്നെങ്കിലെ പറ്റു. ഇതിനെ സംബന്ധിച്ചിടത്തോളം ഓർഡിനൻസ് കൊണ്ടുവന്നു, അതിന്റെ കോർപ്പസ് വർദ്ധിപ്പിച്ചുകൊണ്ടാണ് നമുക്ക് പിന്നീട് പ്രവർത്തിക്കാൻ, അൺഫോർസീനായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അത് ചെലവ് ചെയ്യാൻ പറ്റുകയുള്ളു.

ശ്രീ. ടി. കെ. ദേവകുമാർ : Sir, I move that "This House resolves to disapprove the Kerala Contingency Fund (Amendment) Ordinance, 2005 (Ordinance No. 5 of 2005).

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ 25 കോടി രൂപ എന്നത് 100 കോടി രൂപയാക്കി വർദ്ധിപ്പിക്കണമെന്നാണ് ഇതിലൂടെ സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്പോൾ കണ്ടിജൻസി ഫണ്ട് വർദ്ധിപ്പിച്ചതുകൊണ്ട് ഇത്തരത്തിൽ അടിയന്തിര സാഹചര്യത്തിൽ കാര്യങ്ങൾ ഫലപ്രദമായി ചെയ്യാൻ കഴിയുമോയെന്ന ഒരു ചോദ്യമുണ്ട്. അദ്ദേഹം തന്നെ സുനാമിയെക്കുറിച്ചു പറഞ്ഞു. സുനാമി ഫണ്ടിലേയ്ക്ക് 100 കോടി രൂപ കേന്ദ്രത്തിൽ നിന്നും 18 കോടി രൂപ വിവിധ സംഘടനകളിൽ നിന്നും കിട്ടി. കഴിഞ്ഞ ദിവസം പരിശോധിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചത് 17 കോടി രൂപ മാത്രം. ആ വകയിൽ 101 കോടി രൂപ മിച്ചമാണ്. സംസ്ഥാന ഗവൺമെന്റിന് ഇതുവരെ എത്രകാശ് ചെലവഴിക്കേണ്ടി വന്നു. സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടിൽ നിന്ന് ഒരു പൈസ പോലും ചെലവഴിച്ചില്ല എന്നല്ലേ ഇവിടെ വച്ച കണക്ക്. 100 കോടി രൂപ കേന്ദ്രത്തിൽ നിന്നു കിട്ടിയതും 18 കോടി മറ്റ് സംഭാവന കിട്ടിയതും വരവുണ്ടെന്നു അംഗീകരിച്ചപ്പോൾ ചെലവായത് 17 കോടി രൂപ. അപ്പോൾ ഇവിടെ പ്രശ്നം എന്താണെന്നു ചോദിച്ചാൽ.....

ശ്രീ. കെ. എം. മാണി : സുനാമിക്കുവേണ്ടിയാണ് ഇത് കൊണ്ടുവന്നതെന്നു പറഞ്ഞില്ല. ഞാൻ ഒരു ഉദാഹരണം പറഞ്ഞതാണ്. ഇങ്ങനെയൊക്കെയുള്ള അൺഫോർസീനായിട്ടുള്ള സാഹചര്യങ്ങൾ വരുമ്പോൾ നമുക്ക് തുകയുണ്ടെങ്കിലെ നേരിടാൻ കഴിയൂ എന്നുള്ള ഒരു ജനറൽ സ്റ്റേറ്റ്മെന്റാണ്. അതിനുവേണ്ടി കൊണ്ടുവന്നതല്ല.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഞാൻ പറഞ്ഞു തുടങ്ങിയപ്പോൾ അങ്ങ് ഇടപെട്ടുയെന്നേയുള്ളൂ. തുക ഉണ്ടായാലും തുക ചെലവഴിക്കേണ്ട ആവശ്യം വരുകയില്ല എന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. കാര്യം എന്താണ് ? 25 കോടി രൂപയുണ്ടായിട്ടും അത് യഥാസമയം ചെലവഴിക്കുമോ ഇല്ലയോ എന്നതാണ് പ്രശ്നം. ഫണ്ട് വർദ്ധിപ്പിച്ചതുകൊണ്ട് മാത്രം കാര്യമുണ്ടോ ? 25 കോടി രൂപയായാലും 100 കോടി രൂപയായാലും ഇതിനോടുള്ള സമീപനമാണ് പ്രശ്നം. അത് എങ്ങനെ സമയബന്ധിതമായി ചെലവഴിക്കുമെന്നുള്ളതാണ്. ഇപ്പോൾ വെള്ളപ്പൊക്കം കാരണം റോഡ് നശിച്ചാൽ, ആ റോഡ് പുനരുദ്ധരിക്കുന്നതിനുവേണ്ടി സർക്കാർ വർക്ക് കൊടുക്കാറുണ്ട്. എന്താണ് ഈ വർഷത്തെ സ്ഥിതി? ഈ വർഷം ഇപ്പോൾ ഫെബ്രുവരി മാസമായി, ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എം.എൽ.എ.മാരുടെ നിവേദനങ്ങൾ ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രിയുടെ കൈയിലുണ്ട്. എപ്പോഴാണ് ഉത്തരവ് വന്നത്. പ്രകൃതി ദുരന്തങ്ങളെ നേരിടുന്ന രൂപത്തിൽ ഇതുപോലെ കണ്ടിജൻസി ഫണ്ട് ഉണ്ടാക്കി വയ്ക്കണമെന്നു പറയുന്നത് 25 കോടി രൂപ 100 കോടി രൂപയാക്കാത്തതുകൊണ്ടാണോ? അപ്പോൾ പ്രശ്നം അതല്ല ഇത് 25 കോടി രൂപ 100 കോടി രൂപയാക്കിയാലും ഈ സമീപനത്തിൽ നിന്നു മാറുന്നില്ലെങ്കിൽ ഫണ്ട് കൊണ്ട് ഒരു ഗുണവുമില്ല. അമ്പലപ്പുഴയിലെയും കായംകുളത്തെയും മാവേലിക്കരയിലെയും എം.എൽ.എ.മാർ യു.ഡി.എഫ്.കാരാണ്. അവിടെ ഉണ്ടായ പ്രകൃതി ദുരന്തത്തിന് സഹായം കിട്ടിയോ? കണ്ടിജൻസി ഫണ്ട് ഇല്ലാത്തതുകൊണ്ടാണോ കിട്ടാതിരുന്നത്. അതല്ല പ്രശ്നം. സമീപനമാണ് പ്രശ്നം. എല്ലാം അരൂരിലേയ്ക്ക് കൊണ്ടുപോയി എന്നു പറഞ്ഞത് ശ്രീ. ഡി. സുഗതൻ തന്നെയാണ്. അപ്പോൾ ഗവൺമെന്റിന്റെ സമീപനം മാറണം. മന്ത്രിമാരുടെ മണ്ഡലങ്ങളിലേക്ക് എല്ലാം കൊണ്ടുപോകുന്നതിനാണെങ്കിൽ പിന്നെ എന്തിനാണ് കണ്ടിജൻസി ഫണ്ട് വർദ്ധിപ്പിക്കുന്നത്. വർദ്ധിപ്പിച്ചിട്ട് ഒരു കാര്യവുമില്ല. ഫണ്ട് വർദ്ധിപ്പിക്കുന്നതല്ല

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം. ഗവൺമെന്റ് സമീപനമാണ് പ്രശ്നം. സമയത്ത് പ്രതികരിക്കുക, അത് വിവേചനരഹിതമായി വിനിയോഗിക്കുക. അങ്ങനെ വിനിയോഗിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ എന്തിനാണ് ഫണ്ട് വർദ്ധിപ്പിക്കുന്നത്? 25 കോടിയുള്ളതുപോലും വിവേചനരഹിതമായി പരിഗണിക്കാൻ, വിനിയോഗിക്കാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഇത് 100 കോടിയാക്കണമെന്ന നിർദ്ദേശം, 25 കോടി രൂപ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാത്ത ഒരു സർക്കാരിന്റെ സമീപനം മാറ്റുക എന്നുള്ളതാണ് പ്രശ്നം. അത്തരത്തിൽ സമീപനം മാറ്റാൻ തയ്യാറാവുകയാണെങ്കിൽ ഉള്ള 25 കോടി രൂപ മതിയാകും എന്നുള്ളതാണ് സത്യം. അല്ലെങ്കിൽ കാലാനുസൃതമായി വർദ്ധിപ്പിക്കുക എന്നു പറയുമ്പോൾ സമീപനത്തിൽ മാറ്റം വരുമെന്ന് ഈ സഭയ്ക്ക് ഉറപ്പ് വരണം. ഭരണ പ്രതിപക്ഷത്തുള്ള മെമ്പർമാർക്കും ജനങ്ങൾക്കും അങ്ങനെ പ്രതികരിക്കുന്ന ഗവൺമെന്റാണെന്ന അഭിപ്രായമില്ല. കേന്ദ്രത്തിൽനിന്നു കിട്ടിയ ഫണ്ടുപോലും ഇതുവരെ ചെലവഴിച്ചിട്ടില്ല. സപ്ലിമെന്ററി ഡിമാന്റ് പാസാകട്ടെ എന്നിട്ട് ചെലവഴിക്കാം എന്നു പറയുമ്പോൾ സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളവും പെൻഷനും മറ്റ് കാര്യങ്ങൾക്കൊക്കെ വിനിയോഗിക്കുന്ന ഫണ്ടാണ് ഇത് ഇങ്ങനെ .....

ശ്രീ. മത്തായി ചാക്കോ : സർ, ഇത് 4 കോടി രൂപയായിട്ട് ചുരുങ്ങുന്ന ഒരു അവസ്ഥ പറഞ്ഞുകൊണ്ടാണ് ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. യഥാർത്ഥത്തിൽ ആന്റണി ഗവൺമെന്റിൽനിന്നു 12 മന്ത്രിമാർ മാറുകയും പുതിയ മന്ത്രിമാർ വരുന്നതിന്റെ ഭാഗമായിട്ട് വീട് മോടിപിടിപ്പിക്കലും മറ്റ് അനാവശ്യ ചെലവിന്റെയും ധൂർത്തിന്റെയും ഭാഗമായിട്ട് കോർപ്പസ് ഫണ്ട് ഇല്ലാതായ പശ്ചാത്തലത്തിൽ അല്ലേ കഴിഞ്ഞ ഡിസംബറിൽ ഇത്തരം ഒരു ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, മാറി വന്ന പുതിയ മന്ത്രിമാർ മുൻ ഗവൺമെന്റിന്റെ തുടർച്ചയാണെന്നു അവകാശപ്പെടുന്ന സാഹചര്യത്തിൽ ഫണ്ടിന്റെ ദുർവിനിയോഗം വർദ്ധനവ് അല്ലാതെ കുറവ് ഉണ്ടാകുമെന്ന് മാണിസാർ പ്രതീക്ഷിക്കുന്നില്ല. സഹപ്രവർത്തകന്മാരായി വന്നിരിക്കുന്ന പുതിയ ചെറുപ്പക്കാർക്ക് കൂടുതൽ തുക വേണ്ടിവരുമെന്നുള്ളതുകൊണ്ടാണ് മാണി സാർ ഈ നിർദ്ദേശവുമായി സഭയുടെ മുമ്പിൽ വന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണ് എല്ലാ കാര്യത്തിലും എന്ന് അവകാശപ്പെടുന്നവർ ഈ ധൂർത്തിന്റെ കാര്യത്തിലും തുടർച്ചതന്നെ വരുമെന്ന കാര്യം മാണിസാറിന് നല്ല ഉറപ്പുള്ളതുകൊണ്ടാണ് 25 കോടി രൂപയെന്നത് 100 കോടി രൂപയാക്കണമെന്ന് മാണിസാറിനെക്കൊണ്ട് അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഞാൻ ഇതിനോട് വിയോജിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, 25 കോടി രൂപ എന്നത് 100 കോടി രൂപയാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഒരു ബില്ല് മന്ത്രി അവതരിപ്പിച്ചിരിക്കുകയാണ്. 25 കോടി രൂപ ഉണ്ടായിരുന്നത് 4 കോടിക്കടുത്ത രൂപയായി ചുരുങ്ങിയതിനെ തുടർന്നു അപ്രതീക്ഷിതമായി ഉണ്ടാവുന്ന പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള സംഗതികളിൽ യഥാസമയം ഗവൺമെന്റിന് നന്നായി ആക്ട് ചെയ്യാൻ സാധിക്കുന്ന നിലയിൽ ഒരു കരുതൽ ധനം സർക്കാരിന്റെ കൈവശമുണ്ടാകണമെന്ന നിർദ്ദേശത്തോടെയാണ് അത് സദുദ്ദേശമാണെങ്കിൽ പരിഗണിക്കുന്നതിൽ അഭിപ്രായ വ്യത്യാസമില്ല. പക്ഷേ ഇവിടെ ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ ഈ ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ മാത്രം പ്രവർത്തനങ്ങൾ എടുത്തു നോക്കിയാൽ ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്ക് യഥാവസരം സർക്കാരിന്റെ കൈയിൽ ധനമുണ്ടായിട്ടും ആവശ്യമായ സഹായങ്ങൾ എത്തിക്കുന്ന കാര്യത്തിൽ നമ്മുടെ സർക്കാർ ഇപ്പോഴും പുറകിലാണ്. അത് പറയാതിരിക്കാൻ നിവൃത്തിയില്ല. കേരളത്തിലെ ഏറ്റവും വലിയ ദുരന്തമാണ് സുനാമിയിലൂടെ ഉണ്ടായത്. മറ്റ് പ്രകൃതി ദുരന്തങ്ങൾപോലെ വലിയ കെടുതി ഉണ്ടായതാണ്, കേരളത്തിന്റെ കാർഷിക മേഖലയിൽ കഴിഞ്ഞ മൂന്നു കൊല്ലക്കാലത്തുണ്ടായത്. ആ മൂന്നു കൊല്ലക്കാലത്തിനിടയിൽ കാർഷിക മേഖലയിൽ ഉണ്ടായ പ്രതിസന്ധിയുടെ ഭാഗമായി ആത്മഹത്യ ചെയ്ത കൃഷിക്കാർക്ക്, എത്രപേർക്ക് നിങ്ങൾ ധനസഹായം നൽകിയെന്നു ചോദിച്ചപ്പോൾ ശ്രീമതി ഗൗരിയമ്മ രാവിലെ മറുപടി പറഞ്ഞത് 25 പേർക്ക് കൊടുത്തു എന്നാണ്, ഡസൻകണക്കിന് കൃഷിക്കാർ ആത്മഹത്യ ചെയ്യുകയും കാർഷിക മേഖല മുഴുവൻ തകരുകയും ചെയ്തിട്ട് ആ കൃഷിക്കാർക്ക് മതിയായ സമയത്ത് മതിയായ സഹായം നൽകുന്നതിനാവശ്യമായ സംവിധാനം സർക്കാരിന് ഉണ്ടാക്കാൻ സാധിക്കുന്നില്ല.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ബഹുമാനപ്പെട്ട മാണിസാർ ഈ നിയമം കൊണ്ടുവരാൻ നിർബന്ധിതനായത് ഒരു മുൻ മന്ത്രിക്കുവേണ്ടി 3-4 മാസം കണ്ടിജൻസി ഫണ്ടിന്റെ മുക്കാൽ പങ്കും ചെലവഴിച്ചുപോയതുകൊണ്ടാണെന്നു അങ്ങേയ്ക്ക് ബോധ്യമുണ്ടോ ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കാരണം ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അന്ന് മുഖ്യമന്ത്രി സ്ഥാനം ഏറ്റെടുത്ത ശ്രീ. എ. കെ. ആന്റണി ആദ്യം പറഞ്ഞത് . ഞങ്ങൾ അംബാസിഡർ കാറിൽ മാത്രമെ സഞ്ചരിക്കുകയുള്ളുയെന്നാണ്. അദ്ദേഹത്തിന്റെ ലളിത ജീവിതവും അതുപോലെതന്നെ അദ്ദേഹത്തിന് ഇന്നലെ ബഹുമാന്യനായ വക്കം പുരുഷോത്തമൻ കൽപിച്ചു നൽകിയ ആദർശകുബേരൻ എന്നുള്ള ആ കിരീടം എല്ലാംകൊണ്ട് അദ്ദേഹം പറഞ്ഞു എന്റെ മന്ത്രിമാർ അംബാസിഡർ കാറിൽ മാത്രമേ സഞ്ചരിക്കുകയുള്ളുയെന്ന്. ഞങ്ങൾ മന്ത്രിമാർ താമസിക്കുന്ന ഒരൊറ്റ വീടിനും കർട്ടനോ കാർപെറ്റോ ഫർണിച്ചറുകളോ ഒന്നും വാങ്ങിക്കാൻവേണ്ടി പോകുന്നില്ല. അങ്ങനെ മുണ്ടുമുറുക്കിയുടുത്തും ധനദുർവ്യയം ഒഴിവാക്കിയും ഈ കേരളത്തെ കടക്കെണിയിൽ നിന്നും സാമ്പത്തിക ദുരിതത്തിൽ നിന്നും രക്ഷിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, നിങ്ങൾ അതേക്കുറിച്ചു പറഞ്ഞപ്പോൾ പറഞ്ഞു, നമ്മുടെ അന്തരിച്ചുപോയതാണെങ്കിലും മുൻ മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാർ 42 ലക്ഷം രൂപ വിലയുള്ള ജർമ്മൻ മെഴ്സിഡ്സ് ബുള്ളറ്റ് പ്രൂഫ് കാർ പുതിയത് വാങ്ങി അതിലാണ് സഞ്ചരിച്ചിരുന്നത് എന്നുള്ള കാര്യം അങ്ങ് മറന്നുപോയോ ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, വെറുതെ പറയുകയാണ്, ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ, സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. അങ്ങനെ പറയാൻ പാടില്ലാത്തതാണ്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഇത് അടിസ്ഥാനരഹിതമായ ഒരു പരാമർശമാണ്. അത് രേഖയിൽനിന്ന് ഒഴിവാക്കണം. അങ്ങനെ ഒരു കാർ കേരളത്തിൽ ഇപ്പോഴും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ മന്ത്രിമാർ അംബാസിഡർ കാറിൽ പോകുന്നു എന്ന് പറഞ്ഞ കാര്യമാണ് അങ്ങിവിടെ പറഞ്ഞത്. 1987-ൽ നിങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ സ്റ്റേറ്റ് കാർ എന്ന ബോർഡ് പോലും ഉപേക്ഷിച്ച് സർക്കാർ സ്തംഭം ഒക്കെ വച്ച് നിങ്ങൾ വലിയ മോടിയായിട്ട് സഞ്ചരിച്ചിട്ട് 1996-ൽ വന്നപ്പോൾ ആ പാത പിൻതുടരാതെ പോയത് എന്തുകൊണ്ടാണ്? ഒന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ഞാൻ പറയുന്നത് ഗവൺമെന്റ് കണ്ടിജൻസി ഫണ്ട് 25 കോടി രൂപയിൽനിന്ന് 100 കോടി രൂപയായി വർദ്ധിപ്പിച്ചതുകൊണ്ട് യഥാവസരം പണം ചെലവഴിക്കാൻ ആവശ്യമായ സംവിധാനമുണ്ടാക്കാൻ കഴിയുന്നുണ്ടോ? ആന്റണി പറഞ്ഞതിൽനിന്ന് തികച്ചും വ്യത്യസ്തമായി ആർഭാടത്തിനും ധൂർത്തിനും വീട് മോടിപിടിപ്പിക്കുന്നതിനും എല്ലാം ഈ പണം ദുർവ്യയം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് 25 കോടി 4 കോടിരൂപയായിട്ട് ചുരുങ്ങിയത്. കുറവ് പരിഹരിക്കാനും അതുപോലെ വലിയ ഒരു കരുതൽ ശേഖരം മാണിസാറിന് യഥാവിധി കൈകാര്യം ചെയ്യുന്ന നിലയിൽ ലഭ്യമാക്കുന്നതിനാവശ്യമായ സംവിധാനം എന്ന നിലയിൽ കോർപ്പസ് ഫണ്ടിലെ തുക വർദ്ധിപ്പിച്ചാൽ സ്വാഭാവികമായും വലിയ സംശയത്തിന് ഇടയാക്കുമെന്നുള്ളതുകൊണ്ട് ഇതിനോട് വിയോജിപ്പുണ്ട്.

ശ്രീ. ഡി. സുഗതൻ: 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഭേദഗതിയെന്നു പറയുന്നത് ഭരണഘടന അനുശാസിക്കുന്നതാണ്. ഇൻഡ്യൻ ഭരണഘടന 267 ക്ലാസ് 2 അനുസരിച്ച് സംസ്ഥാന ഗവൺമെന്റുകൾക്ക് ഇതുപോലെ ഒരു ആകസ്മികമായ നിധി ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഭരണഘടന 267 (1)-ാം അനുച്ഛേദം അനുസരിച്ച് കേന്ദ്ര സർക്കാർ നിധി എങ്ങനെ വേണമെന്ന് അനുശാസിക്കുന്നു. അങ്ങനെ നമ്മുടെ സംസ്ഥാന ഗവൺമെന്റ് 1957-ലാണ് ഇതിനായി ഒരു ആക്ട് കൊണ്ടുവന്നത്. അന്ന് അൻപത് ലക്ഷം രൂപയായിരുന്നത് 48 വർഷം കഴിഞ്ഞ് ഇപ്പോൾ 25 കോടി രൂപയിൽ നിൽക്കുകയാണ്. അതുതന്നെ കഴിഞ്ഞ ഒക്ടോബർ മാസത്തിൽ നാല് കോടിയായി ചുരുങ്ങിയ അവസരത്തിലാണ് ഇതുപോലുള്ള ഓർഡിനൻസും ഭേദഗതിയും കൊണ്ടുവരേണ്ടി വന്നത്. ഇത് ഇല്ലായിരുന്നെങ്കിൽ സുനാമി ദുരന്തം ഒക്കെ നമുക്ക് ഫലപ്രദമായിട്ട് നേരിടാൻ കഴിയുമായിരുന്നില്ല. പിരിച്ച കാശ് തന്നെ ആളുകൾക്ക് കൊടുത്തിട്ടില്ല. സുനാമി ദുരന്തം ഉണ്ടായപ്പോൾ അന്ന് പണം ഉണ്ടായിരുന്നതുകൊണ്ട് ഫലപ്രദമായി അതിനെ നേരിടാൻ കഴിഞ്ഞു. ഫസ്റ്റ് ഫെയ്സിൽ ഒരു പരാതിയും ഇല്ലാതെ ചെലവഴിക്കാൻ കഴിഞ്ഞു. ചർച്ചകളിലെല്ലാം ഫസ്റ്റ് ഫെയ്സിനെക്കുറിച്ച് ആർക്കും ആക്ഷേപമില്ല. പണം പ്രശ്നമല്ലാത്ത രീതിയിൽ കൈകാര്യം ചെയ്യാൻ നമുക്ക് കഴിഞ്ഞു. അതുപോലെ ഭേദഗതി, ഓർഡിനൻസ് ഉണ്ടായിരുന്നതുകൊണ്ടാണ് ഭരണഘടന അനുശാസിക്കുന്നത് കാലാകാലങ്ങളിൽ

സംസ്ഥാന ഗവൺമെന്റ് ഒരു നിയമം ഉണ്ടാക്കിയിട്ട് അത് വർദ്ധിപ്പിക്കണമെന്ന് പറഞ്ഞിരുന്നത്. 1957-ലെ അൻപത് ലക്ഷം രൂപയെന്ന് പറയുമ്പോൾ ഇന്ന് 100 കോടിയല്ല അതിൽ കൂടുതലായി ഉണ്ടാകേണ്ടതാണ്. ഭാവിയിൽ നമ്മുടെ ഇൻഡ്യൻ ഇക്കോണമിയിൽ 5 കൊല്ലം കൂടുമ്പോൾ drought അല്ലെങ്കിൽ flood ഒക്കെയുണ്ടാകുമെന്നുള്ളത് ചരിത്രപരമായ കാര്യമാണ്. ഭാവിയിൽ ഈ ആകസ്മിക നിധി ആവശ്യമാണ്. ആ തുക ഒട്ടും കൂടുതലല്ല.

ശ്രീ. ടി. കെ. ദേവകുമാർ : അങ്ങയുടെ ശബ്ദം ഈ സഭയിൽ കേൾക്കാൻ കഴിഞ്ഞതിൽ അടുത്ത ഒരു മണ്ഡലക്കാരൻ എന്ന നിലയിൽ എനിക്ക് സന്തോഷമുണ്ട്. സഭാ സമ്മേളനം തുടങ്ങിയതിനുശേഷം ആദ്യമായിട്ടാണ് അങ്ങയുടെ ശബ്ദം കേൾക്കുന്നത്. ഗ്രൂപ്പ് തീരുമാനത്തിന്റെയടിസ്ഥാനത്തിലാണോ ഇപ്പോൾ ഇങ്ങനെ ചർച്ചയിൽ പങ്കെടുക്കുന്നത്?

ശ്രീ. ഡി. സുഗതൻ : ഇത് നിയമനിർമ്മാണമാണ്. ഇന്നത്തെ സാഹചര്യത്തിൽ കോർപ്പസ് ഫണ്ട് 100 കോടി രൂപയായി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ് എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മാറ്റി വയ്ക്കാനാകാത്ത, മുൻകൂട്ടി കാണാൻ കഴിയാത്ത ആകസ്മിക ചെലവുകൾക്കുള്ള കണ്ടിജൻസി ഫണ്ടിന്റെ പരിധി 25 കോടി രൂപയിൽനിന്നും 100 കോടി രൂപയാക്കി ഉയർത്തുന്നതിന്റെ ഭാഗമായിട്ടാണ് ഈ നിയമം വന്നിട്ടുള്ളത്. 2004 ഒക്ടോബർ 8-ന് 4.25 കോടി രൂപ മിച്ചമുണ്ടായിരുന്നു. എന്നിട്ട് 25 കോടി രൂപ 100 കോടിയായിട്ട് ഉയർത്തുന്നതിനുള്ള നിർദ്ദേശമാണ് ഇപ്പോൾ ഇവിടെ വന്നിട്ടുള്ളത്. ഇപ്പോൾ ബഡ്ജറ്റ് അലോക്കേഷന്റെ ഭാഗമായിട്ടുള്ള 25 കോടി രൂപയിൽ എത്ര ബാലൻസുണ്ട്. ബാലൻസ് സംഖ്യകഴിഞ്ഞ് ബാക്കിയുള്ള പണം എന്തിനുവേണ്ടി ചെലവഴിച്ചുവെന്നുള്ളത് കൃത്യമായി മന്ത്രി ഇവിടെ പറഞ്ഞാൽ നിയമം ഐകകണ്ഠ്യേന പാസാക്കിയെടുക്കുന്നതിന് ആവശ്യമായിട്ടുള്ള നീക്കം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും എന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. കേരളം പോലെ ഒരു ചെറിയ സംസ്ഥാനത്ത് കണ്ടിജൻസി ഫണ്ട് 100 കോടി ആക്കുന്നതിൽ യാതൊരു ന്യായീകരണവുമില്ല. ഈ ഗവൺമെന്റിന്റെ സാമ്പത്തിക ഇടപാടുകൾ പരിശോധിക്കുന്ന അവസരത്തിൽ അത് മനസ്സിലാകുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാല് കൊല്ലമായി. ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്ത ആദ്യ നാളുകളിൽ 2001-02-ലെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നിയമസഭയിൽ പ്രസംഗിച്ച

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ശങ്കരനാരായണൻ, അദ്ദേഹത്തിന്റെ പ്രസംഗത്തിലെ മൂന്നാം ഖണ്ഡികയിൽ വളരെ വ്യക്തമായി പറയുന്നു; മുന്നറിയിപ്പുകൾ കാറ്റിൽപറത്തി ലെക്കും ലഗാനുമില്ലാതെ മദിച്ചുല്ലസിച്ച് ചെലവിട്ട ഒരു സർക്കാരിന്റെ സ്വാഭാവികമായ പരിണാമമാണ് നമുക്ക് ദൗർഭാഗ്യവശാൽ കാണേണ്ടി വന്നത്. അതായത് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സാമ്പത്തിക രംഗത്തെ സംബന്ധിച്ചുള്ള വിമർശനത്തിന്റെ ഭാഗമായാണ് ഏറ്റവും ശക്തമായ രൂപത്തിൽ കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി ഇതു സംബന്ധിച്ചുള്ള വിശദീകരണം നൽകിയത്. ഇപ്പോൾ നാല് വർഷം പൂർത്തീകരിക്കുകയാണ്. ഈ നാല് വർഷക്കാലത്തെ അനുഭവമെന്താണ്? ബഡ്ജറ്റ് അവതരിപ്പിക്കുന്നതുമായി ബന്ധപ്പെടുത്തി നിയമസഭാ സാമാജികൻമാർക്ക് വിതരണം ചെയ്തിട്ടുള്ള സാമ്പത്തിക സർവ്വേയിൽ വളരെ വ്യക്തമായി പറയുന്നു 1996-97 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര കടം എന്നു പറയുന്നത് 11,420 കോടി രൂപയാണ്. 2001-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരം വിട്ടൊഴിഞ്ഞ് പോകുമ്പോൾ 23,918 കോടി രൂപയുടെ ഏതാണ്ട് പന്ത്രണ്ടായിരം കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മൂന്ന് വർഷം കഴിഞ്ഞപ്പോൾ സാമ്പത്തിക സർവ്വേയിൽ പറയുന്നത് 2003-04 സാമ്പത്തിക വർഷം 37,452 കോടി രൂപ..... (ബഹളം)..... ആ പുസ്തകം എടുത്തു വായിച്ച് നോക്കിയാൽ ശ്രീ ബാബുവിന് മനസ്സിലാകും Accounts at a glance, CAG-യുടെ റിപ്പോർട്ടാണ്. C.A.G. യുടെ റിപ്പോർട്ടിൽ 16-ാം പേജിൽ പറയുന്ന 39,226 കോടി. ഏത് കണക്കാണ് വിശ്വസിക്കേണ്ടത്. ശ്രീ. ബാബു ചോദിച്ചുവല്ലോ; CAG-യുടെ റിപ്പോർട്ടിലെ 16-ാം പേജ് ബാബു നോക്കിയോ 2003-04 ടോട്ടൽ ലയബിലിറ്റീസ് 39,226.72 കോടി. ഏതാ വിശ്വസിക്കേണ്ടത് ? 2005 മാർച്ച് 31 ആകാൻ ഇപ്പോൾ ഏതാനും ദിവസങ്ങൾ മാത്രമേയുള്ളൂ. ഇപ്പോൾ ഏകദേശം കണക്കുകൾ വന്നിട്ടുണ്ട്. 40,000 കോടി രൂപയാണെന്ന് പറയുന്നു. 45,000 കോടി രൂപയാണെന്ന് പറയുന്നു. ഈ നിലയ്ക്ക് പോയാൽ ഈ ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ ഏതാണ്ട് 50,000 കോടി രൂപ, ഈ കേരളത്തിലെ മൂന്ന് കോടിയോളം വരുന്ന മലയാളികൾ 50,000 കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടിവരും. കേരളം ഐക്യജനാധിപത്യ മുന്നണിയുടെ ഭരണത്തിൻ കീഴിൽ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 22,000 കോടി രൂപ കടം വാങ്ങിച്ചു. 4,000 കോടി രൂപ നികുതി. എ.ഡി.ബി.-യിൽ നിന്ന് 500 കോടി രൂപ. അങ്ങനെ 26,500 കോടി രൂപയാണ്. ചെലവ് 16,700 കോടി രൂപ.

മി. സ്പീക്കർ: പ്ളീസ്... ഇതൊക്കെ ബഡ്ജറ്റിന്റെ ചർച്ചയിലാകാം... ഇത് ലെജിസ്ലേറ്റീവ് ബിസിനസ്സാണ്. ലെജിസ്ലേഷനിൽ ഇങ്ങനെ പോകരുത്..

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 16,700 കോടി രൂപയുടെ ചെലവാണ് അംഗീകരിക്കപ്പെട്ടത്. പക്ഷേ യഥാർത്ഥത്തിൽ ചെലവാക്കിയത് 12,000 കോടി രൂപയാണ്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ജനകീയാസൂത്രണത്തിന്റെ ഫണ്ട് ഉപയോഗിച്ചത്. അതുപോലെ ശമ്പള വർദ്ധനവ്, വൈദ്യുതി മേഖലയുടെ വളർച്ചയും പുരോഗതിയും ഇതിനുവേണ്ടിയാണ് ഇടതുമുന്നണി ഗവൺമെന്റ് ചെലവിട്ടത്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് കാർഷികമേഖലയിൽ തകർച്ച, ആത്മഹത്യകൾ, വികസന സ്തംഭനം, ശമ്പളം കുറച്ചു, വ്യാവസായിക മേഖല തകർത്തു, പരമ്പരാഗത വ്യവസായ മേഖല തകർത്തു, കടം എടുക്കുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷേ കടമെടുത്ത പൈസ എന്തിനുവേണ്ടിയാണ് ചെലവാക്കുന്നത് എന്നതാണ് പ്രശ്നം. സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ പറയുന്നു, 2002-03 സാമ്പത്തിക വർഷം കേരളത്തിന്റെ സാമ്പത്തിക വളർച്ച 6.63 ആണ്. 2003-04-ൽ 6.31. 2004-05-ൽ....

മി. സ്പീക്കർ : ശ്രീ. ചെന്താമരാക്ഷൻ, ഈ ട്രെൻഡ് ശരിയല്ല. ലെജിസ്ലേഷനിൽ ദീർഘമായ പ്രസംഗങ്ങൾ പറ്റില്ല. That is a bad trend. Please co-operate. അത് ഫിനാൻസ് ബില്ലിൽ ചർച്ച ചെയ്യാം, ബഡ്ജറ്റിൽ ആകാം. പ്ലീസ്....

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, അതു ഞാൻ നിഷേധിക്കുന്നില്ല. കഴിഞ്ഞ...

മി. സ്പീക്കർ : പ്ലീസ്... സഹകരിക്കണം...

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഇതുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. 2004-05-ൽ 6.15. വളർച്ച പുറകോട്ടാണ്. ഐക്യജനാധിപത്യ മുന്നണി ഭരണത്തിൻ കീഴിൽ ധൂർത്താണ്. 20 അംഗ മന്ത്രിസഭ, പുതിയ മന്ത്രിമാർക്ക് മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിക്കാൻ ലക്ഷക്കണക്കിന് രൂപ ചെലവാക്കുന്നു. ഒരു മന്ത്രിയുടെ ഫോൺ ബിൽ 8 ലക്ഷം രൂപ....

മി. സ്പീക്കർ: ദയവു ചെയ്ത് ലെജിസ്ലേഷനിൽ ചീത്ത പ്രവണതകൾ വളർത്തരുത്. പ്ലീസ്...

ശ്രീ. വി. ചെന്താമരാക്ഷൻ: ഒരു മുൻ മന്ത്രിക്ക് പ്രത്യേക സംരക്ഷണം ഏർപ്പെടുത്താൻ 40 ലക്ഷം രൂപ ചെലവഴിച്ചു.....ഇതാണ് ഗവൺമെന്റിന്റെ നയം.

മി. സ്പീക്കർ: നിങ്ങൾക്ക് ഇതൊക്കെ സംസാരിക്കാൻ ധാരാളം സന്ദർഭങ്ങൾ തരുന്നുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ: ഡെൽഹിയിൽ പത്രസമ്മേളനം നടത്താൻ ഒന്നേകാൽ ലക്ഷം രൂപ. അന്തവും കുന്തവുമില്ലാത്ത ഒരു സർക്കാരിന്റെ അന്തംവിട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കേരളം സാമ്പത്തിക ദുരന്തത്തിലേക്ക് കൂപ്പുകുത്തുന്നു എന്നു പറഞ്ഞുകൊണ്ട്, നിർത്തുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഡ്ജറ്റ് ചർച്ചയിൽ പറയേണ്ട കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുള്ളതിന് ഞാൻ മറുപടി നൽകുന്നില്ല. ഒറ്റ വാക്കേയുള്ളൂ. കടം വർദ്ധിക്കുന്നു എന്നു പറയുന്നത്, ഒരു ഗവൺമെന്റിന്റെ inefficiency അല്ല. നമുക്ക് കേന്ദ്രത്തിൽ നിന്ന് കടവും

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാന്റുമായിട്ടാണ് പ്ളാൻ ഫണ്ട് കിട്ടുന്നത്. ഒരു കംപോണന്റ് ലോൺ ആണ്, ഒരു കംപോണന്റ് ഗ്രാന്റാണ്. പദ്ധതി വർദ്ധിക്കുന്തോറും നമ്മുടെ ലോൺ കൂടിക്കൂടി വരും. ഇതറിയാതെ ലോൺ വർദ്ധിച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടുള്ള പ്രസംഗങ്ങൾ എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ contingency fund-നെ സംബന്ധിച്ചിടത്തോളമുള്ള ഒരു കാര്യം, ഒരു point of time-ൽ പ്രത്യേകിച്ച് അറിഞ്ഞിരിക്കേണ്ട കാര്യം, 8-10-2004-ൽ തുക നാലരകോടി രൂപയായി കുറഞ്ഞു. പക്ഷേ contingency fund-ൽ നിന്നും ഇത്ര രൂപ കുറയുമ്പോൾ അതു സപ്ളിമെന്ററി ഡിമാൻഡിൽക്കൂടി നിയമസഭയിൽപാസ്സാക്കി supplement ചെയ്ത് recoup ചെയ്യണം. അപ്പോൾ contingency fund 25 കോടി രൂപയിൽ കുറഞ്ഞു വന്നാൽ കുറവ് വീണ്ടും recoup ചെയ്തെങ്കിൽ മാത്രമേ contingency fund-ൽ രൂപ കാണുകയുള്ളൂ. ഇപ്പോൾ നാലര കോടി രൂപ വന്നിരിക്കുന്നു. നിയമസഭയിൽ സപ്ളിമെന്ററി ഡിമാൻഡ് മൂവ് ചെയ്ത് recoup ചെയ്യാനും നമുക്ക് പറ്റുന്നില്ല. എന്നാൽ 100 കോടി രൂപയാണെന്നുണ്ടെങ്കിൽ നമുക്ക് അതിന് കൂടുതൽ manoeuvrability (മാനുവറബിലിറ്റി) ഗവൺമെന്റിന് കിട്ടുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതുകൊണ്ടാണ് 25 കോടി രൂപയിൽ നിൽക്കരുത്, 100 കോടി രൂപ ഉണ്ടെങ്കിൽ ഇങ്ങനെയുള്ള അവസ്ഥാവിശേഷം പലപ്പോഴും ഒഴിവാക്കാനായി പറ്റും. അതാണ് ഒന്ന്. മറ്റൊന്ന്, കാർ വാങ്ങുന്നതിനെക്കുറിച്ച് പറഞ്ഞു. കാർ വാങ്ങുന്നതൊന്നും contingency fund-ൽ നിന്നല്ല. അതൊക്കെ ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ട്. അഡീഷണൽ ആതറൈസേഷൻ വച്ച്, ധനകാര്യവകുപ്പുമന്ത്രിക്ക് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽനിന്ന് അഡീഷണൽ ആതറൈസേഷൻ കൊടുക്കാം. അതിന് ബഡ്ജറ്റിൽ പ്രൊവിഷൻ ഉള്ളതാണ്. കാർ വാങ്ങുന്നത് contingency fund-ൽ നിന്നല്ല. Budget manual എന്നു പറയുന്നത് ബഡ്ജറ്റിൽ വകയിരുത്താത്തത്, unforeseen ആയിട്ടുള്ള പുതുതായി വരുന്ന New Service അതുപോലെ തന്നെ പെട്ടെന്ന് ചെയ്യേണ്ട ചില കാര്യങ്ങൾ, ഇതിനൊക്കെ ഉപകരിക്കാൻ വേണ്ടിയാണ് contingency fund. അതുകൊണ്ട് bonafide ആയിട്ട് കൊണ്ടുവന്നിരിക്കുന്നതാണ്. നിരുപദ്രവകരമായിട്ടുള്ള കാര്യമാണ്. ഇത് പാസ്സായി വരുമ്പോൾ നിങ്ങൾക്കും ഗുണമുണ്ട്. അല്ലാതെ ഒരു ഗവണ്മെന്റിനുവേണ്ടി മാത്രമല്ല. ഞങ്ങൾ ഭാവിയെ ഓർത്തുകൊണ്ടാണ്. അല്ലാതെ ഞങ്ങൾക്കുവേണ്ടി മാത്രം നിയമനിർമ്മാണം കൊണ്ടുവരാറില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. കെ. ദേവകുമാർ, അങ്ങയുടെ നിരാകരണ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. ദേവകുമാർ : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : നിരാകരണ പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

നിരാകരണ പ്രമേയം നിരാകരിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ഡി. സുഗതൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡി. സുഗതൻ : ഇല്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2005-ലെ കേരളാ കണ്ടിജൻസി ഫണ്ട് (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

XI. അറിയിപ്പ്

മി. സ്പീക്കർ: ഇന്നലെ വിതരണം ചെയ്ത സബ്ജക്ട് കമ്മിറ്റികളുടെ സമയ വിവരപ്പട്ടികയിൽ 15-2-2005-ന് കൂടാൻ നിശ്ചയിച്ചിട്ടുള്ള സബ്ജക്ട് കമ്മിറ്റികളുടെ യോഗങ്ങൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ സന്ദർശനം പ്രമാണിച്ച് 14-2-2005 തിങ്കളാഴ്ചയിലേക്ക് മാറ്റിയിട്ടുണ്ട്. ബുള്ളറ്റിൻ തരും. യോഗം ചേരുന്ന സ്ഥലത്തിനും സമയത്തിനും മാറ്റമുണ്ടായിരിക്കുന്നതല്ല. ദിവസം കുറച്ചായതുകൊണ്ടാണ്. അല്ലാതെ വേറെ മാർഗ്ഗമില്ല.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ഫെബ്രുവരി മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.45-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly